പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6565      12.07.2012 ൽ മറുപടിയ്ക്ക്

## നിലവാരം കുറഞ്ഞ വൈദ്യുതി പോസ്റ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) നിലവാരം കുറഞ്ഞ പോസ്റ്റുകളാണ് വൈദ്യുതി വകുപ്പ് കാസർഗോഡ് ജില്ലയിൽ ഉപയോഗിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഐ.എസ്.ഐ. നിബന്ധനകൾക്കനുസൃതമായി നിർമ്മിക്കുന്ന പോസ്റ്റുകളിൽ നിന്നും നിശ്ചിത എണ്ണം ടെസ്റ്റ് ചെയ്ത് അംഗീകരിച്ച ശേഷമാണ് പോസ്റ്റുകൾ വാങ്ങുന്നത്. |
| (ബി) സ്വകാര്യ കമ്പനിയിൽ നിന്ന് കരാർ അടിസ്ഥാനത്തിൽ വാങ്ങുന്ന ഇത്തരം പോസ്റ്റുകൾ ഒടിഞ്ഞ് അപകടങ്ങൾ ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ചുരുക്കം ചില അപകടങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (സി) പോസ്റ്റിന്റെ നിർമ്മാണത്തിലെ അപാകം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) പോസ്റ്റുകൾ ഒടിയാനുണ്ടായ സാഹചര്യത്തെ കുറിച്ച് ചീഫ് എഞ്ചിനീയർ (ഡിസ്ട്രിബ്യൂഷൻ നോർത്ത്) ന്റെ ഓഫീസിലെ സിവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ബോർഡ് ഉദ്യോഗസ്ഥൻമാർ ടെസ്റ്റ് ചെയ്ത് അംഗീകരിച്ച കൂട്ടത്തിൽ നിന്നല്ലാത്ത ചില പോസ്റ്റുകൾ സപ്ലൈ ചെയ്തതിൽ ഉൾപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. പ്രധാനമായും താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാവാം പോസ്റ്റുകൾ ഒടിഞ്ഞത് എന്നാണ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്.<br>1.ആവശ്യമായ താഴ്ചയിൽ പോസ്റ്റുകൾ സ്ഥാപിക്കാത്തത് കൊണ്ട്.<br>2.പോസ്റ്റ് നിർമ്മാണത്തിൽ വന്നിട്ടുള്ള അപാകതകൾ മൂലം<br>3.പോസ്റ്റുകൾ മറ്റ് സ്ഥലങ്ങളിലേക്ക് |

(...2)

കൊണ്ടു പോകുമ്പോഴും അവ അടുക്കി വയ്ക്കുമ്പോഴും വരുന്ന കേടുപാടുകൾ മൂലം.

(ഡി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോസ്റ്റിന്റെ നിർമ്മാണ വേളയിലും, പോസ്റ്റ് വിതരണത്തിലും പ്രത്യേകം ശ്രദ്ധിക്കാൻ പോസ്റ്റ് നിർമ്മാണ കരാറുകാരനും, പോസ്റ്റുകൾ സ്വീകരിക്കുന്നതിലും പോസ്റ്റ് നാട്ടുന്നതിലും പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ ബോർഡ് ഉദ്യോഗസ്ഥർക്കുംനിർദ്ദേശംനൽകിയിട്ടുണ്ട്.

ബോർഡ് ഉദ്യോഗസ്ഥൻമാർ ടെസ്റ്റ് ചെയ്തു സ്വീകരിച്ച കൂട്ടത്തിലെ സീരിയൽ നമ്പറോടു കൂടിയ പോസ്റ്റുകൾ മാത്രം സ്വീകരിച്ചാൽ മതിയെന്നും പോസ്റ്റുകൾ മണ്ണിൽ നാട്ടി നിർത്തുമ്പോൾ നിയമ പ്രകാരമുള്ള താഴ്ച ഉറപ്പു വരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) പോസ്റ്റിന്റെ നിർമ്മാണവേളയിൽ വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥൻമാരുടെ സാന്നിധ്യം ഉറപ്പുവരുത്തുന്ന കാര്യം പരിഗണിക്കുമോ?

(ഇ) നിലവിലുള്ള സംവിധാനത്തിൽ പോസ്റ്റുകൾ ബോർഡിന് കോൺട്രാക്ടർ നിർമ്മിച്ചു നൽകുന്നതിനുള്ള കരാർ ആണ് ഉള്ളത്.

ഒരുകൂട്ടം പോസ്റ്റുകളിൽ നിന്നും നിശ്ചിത എണ്ണം പോസ്റ്റുകൾ, ടെസ്റ്റു ചെയ്തു അംഗീകരിച്ച ശേഷമാണ് വിതരണത്തിന് നൽകുന്നത്.

സെക്ഷൻ ഓഫീസർ